TUESDAY ചൊവ്വാഴ്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA


Chief Editor : ASA S KUMAR

Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-19/09/2023.

1. കൃഷിഭവനുകളുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച് സംസ്ഥാനത്തെ കാർഷികരംഗത്തെ പറ്റി മനസ്സിലാക്കാനും ക്രോപ്പ് പ്ലാനിങ് ആൻഡ് കൾട്ടിവേഷൻ, എക്സ്റ്റൻഷൻ, അഡ്മിനിസ്ട്രേഷൻ, അനുബന്ധ മേഖലകൾ എന്നിവയിൽ പ്രായോഗിക പരിശീലനം നേടാനും അവസരമൊരുക്കുന്ന ഇന്റേൺഷിപ്പ് പദ്ധതിയിലേക്ക് ഇന്നുവരെ (സെപ്റ്റംബർ 19) അപേക്ഷകൾ സമർപ്പിക്കാം. ഓഫീസുമായി ബന്ധപ്പെട്ട ഫ്രണ്ട് ഓഫീസ് മാനേജമെന്റ്, ഡേറ്റ അപ്ഡേഷൻ /ഡേറ്റാ എൻട്രി എന്നിവയെക്കുറിച്ചറിയാനും ഓഫീസുമായി ബന്ധപ്പെട്ട എക്സ്റ്റൻഷൻ പ്രവർത്തനങ്ങൾക്ക് സഹായം നൽകാനും അവസരമുണ്ടാകും. യോഗ്യത - അഗ്രികൾച്ചറിൽ വെക്കേഷണൽ ഹയർ സെക്കൻഡറി എഡ്യൂക്കേഷൻ (വി എച്ച് എസ് ഇ) സർട്ടിഫിക്കറ്റ് നേടിയവരോ അഗ്രികൾച്ചർ/ ഓർഗാനിക് ഫാമിംഗ് ഡിപ്ലോമ ഉള്ളവരോ ആകണം. പ്രായം 01.08.2023 ന് 18 നും 41 നും ഇടയ്ക്ക്. www.keralaagriculture.gov.in എന്ന പോർട്ടൽ വഴി ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. തിരഞ്ഞെടുക്കപ്പെടുന്നവർക്ക് ഹോണറേറിയമായി പ്രതിമാസം 5000 രൂപ നൽകും. പരമാവധി 180 ദിവസമായിരിക്കും (6 മാസം) ഇന്റേൺഷിപ്പ്.

2. കൊട്ടിയം ലൈവ് സ്റ്റോക്ക് മാനേജ്മെൻറ് ട്രയിനിംഗ് സെൻററിൽ വച്ച് 16.09.2023 ശനിയാഴ്ച 'നാടൻ പശുക്കളും ഭക്ഷ്യ സമൃദ്ധിയും' എന്ന വിഷയത്തിൽ നടന്ന ഏകദിന പരിശീലന പരിപാടി മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ജെ.ചിഞ്ചുറാണി ഉത്ഘാടനം ചെയ്തു. നാടൻ ജനുസ്സ് പശുക്കളെ സംരക്ഷിക്കുന്നതിനും ജൈവ കൃഷി പ്രോത്സാപ്പിക്കുന്നതിനുമായി സർക്കാർ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കും. വ്യത്യസ്ത ഇനത്തിലുള്ള നാടൻ ജനുസ്സുകളെ പ്രത്യേകമായി സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. സമൂഹത്തിൻറെ ആരോഗ്യ സംരക്ഷണത്തിന് ഓരോ കുടുംബവും ഒരു നാടൻ പശുവിനെ വീട്ടിൽ വളർത്തി മാതൃകയാകണമെന്നു പറഞ്ഞു.

3. വെള്ളാനിക്കര കാർഷിക കോളേജിലെ ഫലവർഗ്ഗ വിള ഗവേഷണ കേന്ദ്രത്തിൽ മാവ്, പ്ലാവ്, കവുങ്ങ്, നാരകം, പാഷൻഫ്രൂട്ട്, അരിനെല്ലി, ആത്തച്ചക്ക, കറിവേപ്പ്, കുരുമുളക്, കുടംപുളി, പേര തൈ എന്നീ മുന്തിയ ഇനം ഫലവൃക്ഷങ്ങളുടെയും പച്ചക്കറികളുടെയും നടീൽ വസ്തുക്കളും ട്രൈക്കോഡെർമ സമ്പുഷ്ടീകരിച്ച ആട്ടിൻകാഷ്ഠവളം, മണ്ണിര കമ്പോസ്റ്റ്, ജൈവവളങ്ങളും വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. ആവശ്യമുള്ളവർ 8547760030 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

4. കേരള കാർഷിക സർവ്വകലാശാല ഇ-പഠന കേന്ദ്രം **"ഹൈടെക് കൃഷി"** വിഷയത്തിൽ തയ്യാറാക്കിയ മാസ്സിവ് ഓപ്പൺ ഓൺലൈൻ കോഴ്സിലേക്കുള്ള പുതിയ ബാച്ച് 2023 ഒക്ടോബർ 03 ന് ആരംഭിക്കുന്നു. താൽപ്പര്യമുള്ളവർ 2023 ഒക്ടോബർ 02 നകം കോഴ്സിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. 25 ദിവസം ദൈർഘ്യമുള്ള കോഴ്സ് മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. പതിനൊന്ന് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിന്റെ സൗകര്യാർത്ഥം കമ്പ്യൂട്ടർ അല്ലെങ്കിൽ മൊബൈൽ ഫോണിൻറെ സഹായത്തോടെ പഠിക്കാവുന്നതാണ്. www.celkau.in/MOOC/Default.aspx എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് മാസ്സിവ് ഓപ്പൺ ഓൺലൈൻ കോഴ്സിൽ രജിസ്റ്റർ ചെയ്ത് ഒക്ടോബർ 03 മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് യൂസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്.

5. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള തവനൂർ കേളപ്പജി കോളേജ് ഓഫ് അഗ്രികൾച്ചറൽ എൻജിനീയറിങ് ആൻഡ് ടെക്നോളജിയിലെ (KCAET) ബി.ടെക് അഗ്രികൾച്ചറൽ എൻജിനീയറിങ്, ബി.ടെക് ഫുഡ് ടെക്നോളജി എന്നീ കോഴ്സുകളിലെ ഒഴിവുകൾ വന്നിട്ടുള്ള സീറ്റുകളിലേക്കും പിന്നീട് വരാവുന്നതുമായ സീറ്റുകളിലേക്കും സ്പോട്ട് അഡ്മിഷൻ നടത്താൻ തീരുമാനിച്ചിരിക്കുന്നു. KEAM റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിലും കമ്മ്യൂണിറ്റി റിസർവേഷൻ പാലിച്ച് കൊണ്ടുമായിരിക്കും അഡ്മിഷൻ നടത്തുക. താല്പര്യമുള്ള വിദ്യാർത്ഥികൾ എല്ലാ രേഖകളും സഹിതം മലപ്പുറം ജില്ലയിലെ തവനൂർ കേളപ്പജി കോളേജ് ഓഫ് അഗ്രികൾച്ചറൽ എൻജിനീയറിങ് ആൻഡ് ടെക്നോളജിയിൽ 21.09.2023 രാവിലെ 10 മണിക്ക് മുൻപായി ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് കോളേജിന്റെയും യൂണിവേഴ്സിറ്റിയുടെയും www.kcaet.kau.in, www.kau.in വെബ്സൈറ്റുകൾ പരിശോധിക്കേണ്ടതാണ്.

6. റബ്ബർകർഷകർക്ക് ന്യായമായ വില ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ കേരളസർക്കാർ നടപ്പാക്കിവരുന്ന റബ്ബറുത്പാദന പ്രോത്സാഹന പദ്ധതിയുടെ ഒമ്പതാം ഘട്ടം നടപ്പാക്കുന്നു. കേരളത്തിലെ കർഷകർ ഉത്പാദിപ്പിക്കുന്ന റബ്ബറിന് (ആർഎസ്എസ് 4) കിലോഗ്രാമിന് കുറഞ്ഞത് 170 രൂപ ഉറപ്പാക്കുന്നതാണ് ഈ പദ്ധതി. നിലവിൽ പദ്ധതിയിൽ അംഗങ്ങളാകാത്ത കർഷകർക്ക് നവംബർ മുപ്പത്

വരെ രജിസ്റ്റർ ചെയ്യാൻ അവസരമുണ്ടായിരിക്കുന്നതാണ്. ഇതിനായി നിശ്ചിത ഫോറത്തിൽ അടുത്തുള്ള റബ്ബറുത്പാദക സംഘത്തിൽ അപേക്ഷ നൽകണം. അപേക്ഷയോടൊപ്പം അപേക്ഷകന്റെ ഫോട്ടോ, റബ്ബർ നിൽക്കുന്ന സ്ഥലത്തിന്റെ തന്നാണ്ട് കരം അടച്ച രസീത്, ബാങ്ക് പാസ്ബുക്കിന്റെയും ആധാർ കാർഡിന്റെയും കോപ്പി എന്നിവ ഹാജരാക്കണം. എല്ലാ ഗുണഭോക്താക്കളും 2023-24 വർഷത്തെ ഭൂനികുതി അടച്ച രസീത് സമർപ്പിച്ച് രജിസ്ട്രേഷൻ പുതുക്കേണ്ടതാണ്. ധനസഹായത്തിനായി സമർപ്പിക്കുന്ന സെയിൽസ് ഇൻവോയ്സുകൾ/ബില്ലുകൾ സാധുവായ ലൈസൻസുള്ള ഒരു ഡീലറിൽ നിന്നുള്ളതായിരിക്കണം. ഡീലർമാർ നിയമപരമായി വേണ്ട റിട്ടേണുകൾ എല്ലാം സമർപ്പിക്കുന്നവരുമായിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള റബ്ബർബോർഡ് ഓഫീസുമായി ബന്ധപ്പെടുക.

**പരിശീലന പരിപാടി**

7. കേരള കാർഷിക സർവ്വകലാശാല കമ്മ്യൂണിക്കേഷൻ സെന്ററിൽ 'അലങ്കാര മത്സ്യകൃഷി' എന്ന വിഷയത്തിൽ 20.09.2023-ന് പരിശീലനം സംഘടിപ്പിക്കും. 550/- രൂപയാണ് ഫീസ്. രജിസ്റ്റർ ചെയ്യേണ്ട അവസാന തീയ്യതി ഇന്നാണ്. (19.09.2023) കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ : 0487 2370773

8. റബ്ബർപാലിന്റെ ഉണക്കത്തൂക്കം (ഡി.ആർ.സി.) നിർണയിക്കുന്നതിൽ റബ്ബർബോർഡ് നടത്തുന്ന ത്രിദിന സർട്ടിഫിക്കറ്റ് കോഴ്സ് കോട്ടയത്ത് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ (എൻ.ഐ.ആർ.റ്റി.) വെച്ച് സെപ്റ്റംബർ 20 മുതൽ 22 വരെയുള്ള തീയതികളിൽ നടക്കും. താൽപര്യമുള്ളവർക്ക് https://bit.ly/3feCcVj എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് 0481 2353127, 7306464582 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെുക.

9. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിക്കേഷൻ സെന്റർ മണ്ണുത്തിയുടെ ആഭിമുഖ്യത്തിൽ **തേനീച്ച വളർത്തൽ** എന്ന വിഷയത്തിൽ ഈ മാസം 29 ന് (സെപ്റ്റംബർ 29) പ്രായോഗിക പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പ്രസ്തുത പരിശീലന പരിപാടിയിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ 0487-2370773 എന്ന ഫോൺ നമ്പറിൽ സെപ്റ്റംബർ 28 നു മുമ്പായി ബന്ധപ്പെടുക.